# പതിമൂന്നാം കേരള നിയമസഭ
# നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 1363

21.03.2012 ലെ മറുപടിക്ക്

**സഹകരണ സംഘം ജീവനക്കാരുടെ നിയമനത്തിലെ സംവരണതത്വ ലംഘനം**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. എം. ചന്ദ്രൻ | | ശ്രീ. സി.എൻ. ബാലകൃഷ്ണൻ<br>(സഹകരണ വകുപ്പ് മന്ത്രി) | |
| എ) | സംസ്ഥാനത്തെ സഹകരണ സംഘം ജീവനക്കാരുടെ നിയമനങ്ങളിൽ 10% സംവരണതത്വം പല സംഘങ്ങളും പാലിക്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; | എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) | സംസ്ഥാനത്ത് എത്ര സഹകരണ സംഘങ്ങളാണ് ഇത്തരത്തിൽ സംവരണ തത്വങ്ങൾ പാലിക്കാതെ നിയമനം നടത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | ബി) | 10% സംവരണ തത്വം പാലിക്കാതെ 66 സഹകരണ സംഘങ്ങളിൽ നിയമനം നടത്തിയിട്ടുണ്ട്. |
| സി) | സംവരണതത്വം പാലിക്കാതെ നിയമനം നടത്തിയതായി കണ്ടെത്തിയിട്ടുള്ള ഏതെങ്കിലും സംഘത്തിനെതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | സി) യും ഡി) യും | സംവരണതത്വം പാലിക്കാതെ നിയമനം നടത്തിയ സംഘങ്ങൾക്കെതിരെ നടപടി സ്വീകരിക്കുന്നതിന് ജോയിന്റ് രജിസ്ട്രാർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| ഡി) | ഇല്ലെങ്കിൽ എന്തുകൊണ്ടാണ് നടപടി സ്വീകരിക്കാത്തതെന്ന് വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ